LIBRARY ARCHIVES Kerala Legislative Assembly

തമ്പാനൂർ കിഴക്കേകോട്ട വഴി കടന്നുപോകുന്ന മലിനജല കനാൽ

30 (946) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമ്പാനൂർ കിഴക്കേകോട്ട വഴി കടന്നുപോകുന്ന മലിനജല കനാലിന്റെ ചുമതല ജലവിഭവ വകുപ്പിനാണോ എന്ന കാര്യം വ്യക്തമാക്കുമോ ;

(ബി) എങ്കിൽ കഴിഞ്ഞ പത്തു വർഷത്തിനിടെ ഈ കനാലിന്റെ മെയിന്റനൻസ്, പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾക്ക് എത്ര തുക ചെലവഴിച്ചു ;

(സി) പട്ടണത്തിലെ വെള്ളപ്പൊക്ക നിവാരണത്തിനായി ഈ കനാലിൽ ഉടനീളം അടിഞ്ഞു കിടപ്പുള്ള മാലിന്യങ്ങൾ എപ്പോഴെങ്കിലും നീക്കം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ ഈ പ്രവൃത്തി ചെയ്തത് എപ്പോഴാണെന്നും എത്ര തുക ചെലവു വന്നു എന്നും വ്യക്തമാക്കുമോ ?

(ഡി) റെയിൽവേ ലൈനിനടിയിലൂടെ കടന്നുപോകുന്ന ഭാഗത്ത് അടിഞ്ഞു കൂടിയ മാലിന്യം റെയിൽ ഗതാഗതത്തെ ബാധിക്കാത്ത വിധം നീക്കം ചെയ്യാൻ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്ന കാര്യം എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ; ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) ഈ കനാലിൽ പതിറ്റാണ്ടുകളായി അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യവും ഒഴുക്കു തടയുന്ന വിധം കൂകെ പോകുന്ന പൈപ്പുകളും, വളർന്നു കയറിയ കാടുകളും നീക്കം ചെയ്ത്, തലസ്ഥാന നഗരത്തിലെ വെള്ളപ്പൊക്ക ദുരിതം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ തമ്പാനൂർ - കിഴക്കേകോട്ട വഴി കടന്നു പോകുന്ന മലിന ജല കനാൽ പുനരുദ്ധരിക്കുന്നതിലേക്കായി കെ.എസ്.യു.ഡി.പി.-ക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ പത്തു വർഷത്തിനിടെ ഈ കനാലിന്റെ മെയിന്റനൻസ്/ പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾക്ക് 33,54,973 രൂപ ചിലവഴിച്ചു.

(സി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തരം പ്രവൃത്തികൾ ഒന്നും തന്നെ ചെയ്തിട്ടില്ല.

(ഡി) ഉണ്ട്. റെയിൽവേ ലൈനിനടിയിലൂടെ കടന്നുപോകുന്ന ഭാഗത്ത് അടിഞ്ഞുകൂടിയ മാലിന്യങ്ങൾ സ്ലഡ്ജ് പമ്പ് ഉപയോഗിച്ചാണ് നിലവിൽ നീക്കം ചെയ്തുവരുന്നത്.

(ഇ) കനാലിൽ കൂകെയുള്ള സ്വിവറേജ് പൈപ്പുകൾ മാറ്റുന്നതിന് കെ.എസ്.യു.ഡി.പി.-യുമായി ബന്ധപ്പെട്ടുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുണ്ട്. കനാലിലെ കാടുകൾ നീക്കം ചെയ്തുവരുന്നു.